# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 845** — **09/08/2017 -ലെ മറുപടി**

## <u>തമിഴ്നാട് നടത്തുന്ന ജലചൂഷണം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. വിജയദാസ് | മാത്യൂ ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ)കേരളത്തിന്റെ ഡാമുകളിൽ നിന്ന് തമിഴ്നാട് ജലചൂഷണം നടത്തുന്നതായിട്ടുള്ള എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; വിശദവിവരം നൽകുമോ ; | എ) കേരളത്തിന്റെ ഡാമുകളിൽ നിന്ന് തമിഴ്നാട് ജലചൂഷണം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല . എന്നാൽ ഡാമിലേയ്ക്ക് ഒഴുകി എത്തുന്ന നദികളിൽ നിന്നോ കൈവഴികളിൽ നിന്നോ കുടിവെള്ളത്തിനു വേണ്ടിയും മറ്റും ജലം തിരിച്ചു വിടുന്നതിനുള്ള ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ജലചൂഷണം തടയുന്നതിനായി ഫലപ്രദമായ നടപടികൾ സ്വീകരിയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ ? | ബി) ഉണ്ട് . കേരള സംസ്ഥാനത്തിന്റെ ജലസമ്പത്ത് അന്യ സംസ്ഥാനങ്ങളി ലേയ്ക്ക് അനധികൃതമായി കടത്തു ന്നോ എന്ന് പരിശോധിക്കാൻ ജലസേചന വ കുപ്പിൽ ചീഫ് എഞ്ചിനീയർ ഐ.എസ്.ഡ ബ്ല്യു വിജിലൻസ് കോഓർഡിനേറ്ററായും അതാത് നദീതടങ്ങളുടെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വിജിലൻസ് ഓഫീസർമാരായും നിയോഗിക്കപ്പെട്ടിട്ടുള്ള സംവിധാനം നിലവിലുണ്ട്. ഈ ഉദ്യോഗസ്ഥർ എല്ലാ മാസവും ഇൻസ്പെക്ഷൻ നടത്തി നല് കുന്ന റിപ്പോർട്ടുക ളുടെ അടിസ്ഥാനത്തിൽ സർക്കാർ ബന്ധപ്പെട്ട സംസ്ഥാനങ്ങളെയും ആവശ്യമെങ്കിൽ കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തി ശക്തമായ ഇടപെടലുകൾ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ